**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 7597 — 17.07.2012 ൽ മറുപടിയ്ക്ക്

ബാങ്ക് മുഖേനയുള്ള ക്ഷേമ പെൻഷൻ വിതരണം

**ചോദ്യം**

**ശ്രീ. പി. ഉബൈദുള്ള**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്ഷേമ പെൻഷനുകൾ ബാങ്കുവഴി വിതരണം ചെയ്യുന്നതിനുള്ള തീരുമാനം എന്നാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 06.06.2012 ലെ സ.ഉ.(സാധാ)നമ്പർ 276/2012/സാ.ക്ഷേ.വ. നമ്പർ ഉത്തരവു പ്രകാരം 2013 ഏപ്രിൽ ഒന്നു മുതൽ ബാങ്ക് അക്കൗണ്ട് വഴി ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുവാൻ ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ? | (ബി) | ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ഇക്കാര്യം നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ

7597

FBAY

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പെൻഷൻ പദ്ധതികളും മറ്റ് ധനസഹായങ്ങളും 2013 ഏപ്രിൽ 1 മുതൽ UID നിർബന്ധമാക്കി ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ)നം.2?6/2012/സാക്ഷേവ — തിരുവനന്തപുരം, തിയതി: 06.06.2012

Date 13/6/12

RECEIVED 15 JUN 2012

023691

## ഉത്തരവ്

സർക്കാരിന്റെ എല്ലാ ക്ഷേമ പെൻഷനുകളും ധനസഹായങ്ങളും ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകുന്ന രീതി നിലവിൽ വരുത്തുന്നതിനും ആയതിന് UID നിർബന്ധമാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. പെൻഷൻ വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുവാനും വേഗത്തിൽ ധനസഹായം ലഭിക്കുവാനും അനർഹർ ക്ഷേമ പെൻഷനുകൾ തട്ടിയെടുക്കുന്നത് തടയുവാനും ഇതിലുടെ സാധിക്കുന്നതാണ്.

മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന വിവിധ പെൻഷൻ പദ്ധതികളും മറ്റ് ധനസഹായങ്ങളും 2013 ഏപ്രിൽ ഒന്നു മുതൽ ബാങ്ക് അക്കൗണ്ട് വഴി ഗുണഭോക്താക്കൾക്ക് നൽകുന്നതിനും ഇതിനായി UID നിർബന്ധമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ഓരോ പെൻഷൻ/ധനസഹായ വിതരണ സ്ഥാപനവും / വകുപ്പും അടിയന്തിരമായി ഒരു സമയക്രമം രൂപപ്പെടുത്തേണ്ടതാണ്. സാമൂഹ്യക്ഷേമ ഡയറക്ടർ, ജില്ലാ കളക്ടർമാർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ, എന്നിവരും വകുപ്പിനു കീഴിലുള്ള മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളും ഇക്കാര്യത്തിൽ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ഡോ.കെ.എം.എബ്രഹാം
പ്രിൻസിപ്പൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ,
ബസന്ത്, റ്റി.സി.20/2170, കവടിയാർ.പി.ഒ, തിരുവനന്തപുരം.
സെക്രട്ടറി, വനിതാ കമ്മീഷൻ, പി.എം.ജി. തിരുവനന്തപുരം,
സെക്രട്ടറി, സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, ശാസ്തമംഗലം, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം.
കമ്മീഷണർ, സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണറേറ്റ്, സോഷ്യൽ വെൽഫെയർ, ഇൻസ്റ്റിറ്റ്യൂഷണൽ കോംപ്ലക്സ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി.) വകുപ്പ് (30.05.2012 ലെ 1725 നമ്പർ തീരുമാന പ്രകാരം)
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
R. Vijayan
സെക്ഷൻ ഓഫീസർ

R. Vijayan
സെക്ഷൻ ഓഫീസർ